# എൻ.വി.എസ്സിൽ ഗ്രീൻ സ്കിൽ പരിശീലനം തുടങ്ങി

**കോയമ്പത്തൂർ ▸** വനത്തോട്ടങ്ങളിലെ കീടരോഗബാധ നിയന്ത്രണത്തിനായി ഗ്രീൻ സ്കിൽ ഡെവലപ്മെൻറ് പരിശീലനം കോയമ്പത്തൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻ.വി.എസ്. കേന്ദ്രത്തിൽ ആരംഭിച്ചു.

ഡയറക്ടർ എസ്. മുരുകേശൻ ഉദ്ഘാടനം ചെയ്തു. വിവിധ പ്രാണികളെക്കുറിച്ചുള്ള ശാസ്ത്രീയപഠനം സമ്പദ് വ്യവസ്ഥയിൽ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി ഡയറക്ടർ വിശദീകരിച്ചു. പരിശീലന പരിപാടിയിലെ വിവിധ മേഖലകളെപ്പറ്റി ചീഫ് സയൻറിസ്റ്റ് ഡോ. ജോൺപ്രശാന്ത് ജേക്കബ് അവലോകനം നടത്തി.

രാജ്യത്തെ വിവിധ തരം വനത്തോട്ടങ്ങളെപ്പറ്റിയും ക്ലോണൽ വനവത്കരണത്തിൽ ശ്രദ്ധിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും എൻ.വി.എസ്. കോ-ഓർഡിനേറ്ററായ ഡോ. കണ്ണൻ സി.എസ്. വാര്യർ സംസാരിച്ചു.

കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിൻെറ നിയന്ത്രണത്തിലുള്ള തികച്ചും സൗജന്യമായ ഗ്രീൻ സ്കിൽ പരിശീലനപരിപാടി ബിരുദദാരികളായ തൊഴിൽ രഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്താനും മറ്റ് തൊഴിൽസാധ്യത ലഭ്യമാക്കുന്നതിനും തയ്യാറാക്കിയിട്ടുള്ളതാണ്. പരിശീലനത്തിന് വിവിധ സംസ്ഥാനങ്ങളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 15 പേർ പങ്കെടുക്കും. ഡിസംബർ 23 വരെ പരിശീലനം തുടരും.